## സംരംഭക നൈപുണ്യ വികസന വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള

## ധനസഹായ പദ്ധതിയുടെ മാർഗ്ഗ രേഖ

കേരളത്തിൽ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിദഗ്ധ തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ നേടിക്കൊടുക്കുക, അവിദഗ്ധ തൊഴിലാളികളെ നൈപുണ്യ വികസന പരിശീലനത്തിലൂടെ ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധരാക്കി മാറ്റുക , തൊഴിലാളികൾക്ക് ആവശ്യമുള്ള തൊഴിലുപകരണങ്ങൾ ലഭ്യമാക്കുക, സമൂഹത്തിന് മികച്ച തൊഴിൽ സൗഹൃദാന്തരീക്ഷം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനത്തെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറേയും ഭൗമാതിർത്തിയ്ക്കുള്ളിൽ ഒന്നോ അതിലധികമോ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് കേരളാ സർക്കാർ ലക്ഷ്യമിടുകയും അതിനനുസരിച്ച് വ്യത്യസ്ഥ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നവർ ലക്ഷ്യപ്രാപ്തിയ്ക്കായി മുന്നോട്ടുവരികയും ചെയ്തു. ഇത്തരം സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ വ്യവസായ വകുപ്പിന് കീഴിൽ ഒരു ധന സഹായ പദ്ധതി സർക്കാർ ആവിഷ്കരിക്കുന്നു .

***നിബന്ധനകൾ:-***

1) അസംഘടിത മേഖലയിലെ വിവിധ തരം തൊഴിലുകളിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ കണ്ടെത്തി നൽകുക , അവിദഗ്ധ തൊഴിലാളികൾക്ക് നൈപുണ്യ വികസനം നടത്തി മുഖ്യധാരയിൽ എത്തിയ്ക്കുക എന്നീ ഉദ്ദേശങ്ങൾ നടപ്പിലാക്കാൻ രൂപീകരിച്ച വ്യവസായ സഹകരണ സംഘങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുള്ളത്.

2) 2019 - 2020 സാമ്പത്തിക വർഷത്തിലോ അതിനുശേഷമോ രജിസ്റ്റർ ചെയ്ത സംഘങ്ങൾ മാത്രമേ ഈ പദ്ധതിയുടെ പരിധിയിൽ പെടുകയുള്ളൂ.

3) കുറഞ്ഞത് 200 അംഗങ്ങളെങ്കിലും ഉള്ള സംഘങ്ങൾക്കുമാത്രമേ ധന സഹായത്തിന് അർഹതയുണ്ടാവുകയുള്ളൂ. 100 ൽ കുറയാത്ത അംഗങ്ങൾ വിദഗ്ധ തൊഴിലാളികൾ ആയിരിക്കണം. നാമമാത്ര/സഹായക അംഗങ്ങളുടെ എണ്ണം ധനസഹായത്തിനായി കണക്കിലെടുക്കുന്നതല്ല.

4) തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയും ശമ്പളം കൈപ്പറ്റുന്ന സെക്രട്ടറിയും നിലവിലുള്ള സംഘത്തിനുമാത്രമേ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയുള്ളൂ.

5) ധന സഹായത്തിന് അപേക്ഷിക്കുന്നതിന് തൊട്ടുമുൻപുള്ള വർഷം ഓരോ അംഗത്തിനും കുറഞ്ഞത് 10 ശരാശരി തൊഴിൽ ദിനങ്ങൾ എങ്കിലും പ്രതിമാസം നൽകിയിരുന്നിരിക്കണം. സംഘം രൂപീകരിച്ച് ആദ്യത്തെ സാമ്പത്തിക വർഷത്തിൽ അപേക്ഷിക്കുന്ന സംഘങ്ങൾക്ക് തൊട്ടുമുൻപുള്ള അഞ്ചു മാസങ്ങളിൽ മൂന്നുമാസങ്ങളെങ്കിലും പ്രസ്തുത മാനദണ്ഡം ബാധകമായിരിക്കും. അതേ സമയം രൂപീകരിച്ച് ആറുമാസം തികയാത്ത സംഘങ്ങൾക്ക് ധനസഹായത്തിന് അപേക്ഷിക്കാൻ കഴിയുന്നതല്ല.

6) രജിസ്ട്രാർ നിർദ്ദേശിച്ചുപ്രകാരമുള്ള രേഖകൾ കൃത്യമായി സൂക്ഷിക്കുന്ന സംഘങ്ങൾക്കു മാത്രമേ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

7) സംഘത്തിന് അർഹമായ സാമ്പത്തികാനുകൂല്യം കണക്കാക്കുന്നതിന് സംഘത്തിലെ അംഗസംഖ്യകൂടി കണക്കിലെടുക്കുന്നതായിരിക്കും. പരമാവധി ആനുകൂല്യമായ 2 ലക്ഷം രൂപയ്ക്ക് അർഹത നേടുന്നതിന് 200 സജീവ

അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. അംഗ സംഖ്യയിലെ കുറവിന് ആനുപാതികമായി ധനസഹായം കുറയുന്നതാണ്.

8) അംഗ സംഖ്യയുടെ കുറവുകാരണം പരമാവധി ആനുകൂല്യം ലഭിക്കാത്ത സംഘങ്ങൾക്ക് , അംഗസംഖ്യ ഖണ്ഡിക 7 ൽ നിൽദ്ദേശിക്കുന്ന രീതിയിൽ ഉയരുന്ന പക്ഷം , പദ്ധതി നിലനിൽക്കുന്നിടത്തോളം ധനസഹായത്തിൻറെ ശേഷിക്കുന്ന തുകയ്ക്ക് അർഹതയുണ്ടായിരിക്കും . എന്നാൽ ഒരു സാഹചര്യത്തിലും രണ്ടിലധികം തവണകൾ അനുവദിക്കുന്നതല്ല.

9) ഈ പദ്ധതി പ്രകാരം ഒരു സംഘത്തിന് ലഭിക്കുന്ന പരമാവധി ആനുകൂല്യം രണ്ടുലക്ഷം രൂപ ആയിരിക്കും . എന്നാൽ സമർപ്പിക്കപ്പെട്ട രേഖകളുടേയും വിവരങ്ങളുടേയും അടിസ്ഥാനത്തിലും ഈ നിബന്ധനകളിലെ 7,8,9,10,11 എന്നീ ഖണ്ഡികകളിലെ വ്യവസ്ഥകൾക്കു വിധേയമായും മാത്രമേ ധനസഹായത്തിൻറെ തുക തീരുമാനിക്കുകയുള്ളൂ . ആകെ അനുവദിക്കപ്പെടുന്ന തുകയുടെ 78% സ്ഥിരം ആസ്തി ശേഖരണത്തിനും 20% പ്രവർത്തന മൂലധനത്തിനും 2% പരിശീലനത്തിനുമായിരിക്കും.

10) സംഘത്തിന് സ്ഥിരം മൂലധന ആസ്തി സ്വരൂപിക്കുന്നതിനായി ലഭിക്കുന്ന തുക ഈയിനത്തിലുള്ള 80% തുക ആയി കണക്കാക്കി ശേഷിക്കുന്ന 20% സ്വന്തമായി കണ്ടെത്തേണ്ടതാണ്. പ്രവർത്തന മൂലധന സഹായമായി ലഭിക്കുന്ന തുകയ്ക്ക് തത്തുല്ല്യമായ തുകയും സംഘം സ്വന്തമായി കണ്ടെത്തേണ്ടതാണ് . ഭൂമി, കെട്ടിടം എന്നിവയുടെ ആവശ്യത്തിന് ചെലവുചെയ്യുന്ന തുക സ്ഥിരം ആസ്തിശേഖരണത്തിനുള്ള ധനസഹായത്തിന് കണക്കിലെടുക്കുന്നതല്ല. പണിയായുധങ്ങൾ, ഫർണിച്ചർ, വൈദ്യുത-ഇലട്രോണിക്സ് ഉപകരണങ്ങൾ അത്യാവശ്യ യന്ത്ര സാമഗ്രികൾ തുടങ്ങിയവ ഇതിനായി പരിഗണിക്കുന്നതാണ്. പദ്ധതി നിലവിൽ വരുന്നതിന് മുൻപ് ആർജ്ജിച്ച നിശ്ചിത ആസ്തികളുടെ ചെലവ് ധനസഹായത്തിന് പരിഗണിക്കുന്നതും വിനിയോഗിക്കപ്പെട്ട തുക മടക്കി നൽകുന്നതുമായിരിക്കും. എന്നാൽ രേഖകൾ കൃത്യമായി ഹാജരാക്കേണ്ടതാണ്.

11) സജീവ അംഗങ്ങളുടെ എണ്ണത്തിന് 500/- രൂപ എന്ന മാനദണ്ഡ പ്രകാരവും ഖണ്ഡിക 9,10 എന്നിവയ്ക്ക് വിധേയമായുമാണ് പ്രവർത്തനമൂലധനം അനുവദിക്കുന്നത്.

12) സംഘത്തിൻറേയും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറുടേയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക നിക്ഷേപിക്കുന്നതും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറുടെ അനുവാദത്തോടെ മാത്രം പിൻവലിക്കാൻ പാടുള്ളതുമായിരിക്കും.

13) സ്ഥിരം ആസ്തി ആർജ്ജിക്കുന്നതിനായി അനുവദിക്കപ്പെട്ട ധനസഹായം ഒന്നാം ഗഡു ആയി പിൻവലിക്കാൻ അനുവദിക്കുന്നതായിരിക്കും. ഈ തുക സംഘത്തിൻറെ വിഹിതമായ 20% തുക ഉൾപ്പെടെ യഥാവിധി വിനിയോഗിച്ചതിനുശേഷം മാത്രമേ പ്രവർത്തന മൂലധന സഹായം അനുവദിക്കുകയുള്ളൂ. സംഘം വിഹിതമായ തുക സ്വന്തം ഫണ്ടിൽ നിന്നോ ബാങ്ക് വായ്പയായോ കണ്ടെത്തേണ്ടതാണ് . ഒന്നാം ഗഡു വിതരണം ചെയ്ത് മൂന്നു മാസത്തിനകം വിനിയോഗ സാക്ഷ്യപത്രം, ചെലവു വിവരപ്പട്ടിക, ബില്ലുകളുടെ/വൗച്ചറുകളുടെ പകർപ്പുകൾ എന്നിവ സമർപ്പിക്കേണ്ടതാണ്. ഈ കാലാവധിയ്ക്കകം രേഖകൾ സമർപ്പിക്കാത്ത പക്ഷം മുഴുവൻ തുകയും സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതുണ്ട്. എന്നാൽ സംഘത്തിൻറെ നിയന്ത്രണാതീതമായ കാരണങ്ങളാൽ ആണ് വിനിയോഗം വൈകിയത് എന്ന് ബോധ്യപ്പെടുന്ന പക്ഷം കാലാവധി വൈകിയത് മാപ്പാക്കാൻ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് അധികാരമുള്ളതാണ്. എന്നാൽ തുക അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ മാത്രമേ ഇപ്രകാരം കാലാവധി ദീർഘിപ്പിച്ചു നൽകുകയുള്ളൂ . പ്രവർത്തനമൂലധനം, പരിശീലനം എന്നിവയ്ക്കുള്ള ധന സഹായത്തിൻറെ വിനിയോഗം തുക അനുവദിച്ച് മൂന്നുമാസത്തിനകം പൂർത്തിയാക്കി രേഖകൾ സമർപ്പിക്കേണ്ടതാണ് . ഇതിൽ വീഴ്ച വരുന്ന പക്ഷം ഈ തുക തിരിച്ചടക്കേണ്ടതാണ്.

14) പ്രവർത്തന മൂലധന സഹായമായി അനുവദിച്ച തുക സംഘത്തിൻറെ അത്യാവശ്യചെലവുകൾക്കോ അംഗങ്ങളുടെ നൈപുണ്യ വികസന പരിശീലനത്തിനോ നിശ്ചിത ആസ്തി വികസനത്തിനോ ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ ജീവനക്കാർക്ക് ശമ്പളമോ മറ്റ് സാമ്പത്തികാനുകൂല്യങ്ങളോ നൽകുന്നതിനോ ഏതെങ്കിലും മുൻ ബാധ്യതകൾ കൊടുത്തു തീർക്കുന്നതിനോ ഈ തുക ഉപയോഗിക്കാൻ പാടുള്ളതല്ല.

15) അനുവദിക്കപ്പെട്ട തുക യഥാസമയം വിനിയോഗിക്കാതിരിക്കുകയോ വിനിയോഗ കാലാവധി ഖണ്ഡിക 13 പ്രകാരം നീട്ടി നൽകപ്പെടാതിരിക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ , തുക തിരിച്ചടയ്ക്കാൻ നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം തിരിച്ചടച്ച് ചെലാൻ രസീത് സമർപ്പിക്കേണ്ടതാണ് . അപ്രകാരം പാലിക്കാതിരുന്നാൽ അതിൻറെ ബാധ്യത ഭരണ സമിതി അംഗങ്ങളിൽ ചുമത്തുന്നതും തുക തിരികെ ഈടാക്കുന്നതിന് നിയമ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

16) ധനസഹായം മുഖേന ലഭിക്കുന്ന തുക ഉപയോഗിച്ച് നൈപുണ്യ വികസന പരിശീലനം ലഭിക്കുന്ന അംഗങ്ങൾ കുറഞ്ഞത് ഒരു വർഷമെങ്കിലും സംഘത്തിൽ തുടർന്നുപോകേണ്ടതും നിശ്ചിത തൊഴിൽ ദിനങ്ങൾ സംഘത്തിൻറെ ആഭിമുഖ്യത്തിൽ കൈയ്യേൽക്കേണ്ടതുമാണ്.

17) ധനസഹായത്തിനുള്ള അപേക്ഷ അതാതു താലൂക്ക് വ്യവസായ ഓഫീസ് മുഖേനയോ ബന്ധപ്പെട്ട ബ്ലോക്കിലെ വ്യവസായ വികസന ഓഫീസർ മുഖേനയോ ബന്ധപ്പെട്ട സർക്കിളിലെ വ്യവസായ സഹകരണ ഇൻസ്പെക്ടർ മുഖേനയോ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് സമർപ്പിക്കേണ്ടതാണ്.

18) സഹകരണ ഓഡിറ്റ് കഴിഞ്ഞിട്ടുള്ള സംഘങ്ങൾ ഏറ്റവും ഒടുവിലത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റിൻറെ പകർപ്പ് , ഭരണ സമിതി തീരുമാനം , പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിരേഖ എന്നിവ ഉൾപ്പെടെ നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ് . സഹകരണ ഓഡിറ്റ് നടക്കാത്ത സംഘങ്ങളുടെ കാര്യത്തിൽ ഓഡിറ്റ് സർട്ടിഫിക്കറ്റിനുപകരം തൊട്ടുമുൻപിലുള്ള 12 മാസത്തെ വരവ്-ചെലവുകണക്ക്, ലാഭ-നഷ്ടക്കണക്ക് ബാക്കി പത്രം എന്നിവ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ് . 12 മാസം തികയാത്ത സംഘങ്ങളുടെ കാര്യത്തിൽ മുഴുവൻ മുൻകാലയളവിൻറേയും ധനകാര്യ സ്റ്റേറ്റ്മെൻറ് നൽകേണ്ടതാണ്.

19) അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ച് ധനസഹായം അനുവദിക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അധികാരപ്പെട്ടിരിക്കുന്നു. ആവശ്യമെന്നുതോന്നുന്ന പക്ഷം അപേക്ഷകൾ ജില്ലാ തല പ്രോജക്ട് അപ്രൈസൽ കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

20) ധനസഹായം കൈപ്പറ്റുന്ന സംഘങ്ങൾ സംഘത്തിൻറെ തുടർന്നുള്ള പുരോഗതിയുടെ ത്രൈമാസ റിപ്പോർട്ട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് സമർപ്പിക്കേണ്ടതാണ്.

21) പദ്ധതി പ്രകാരമുള്ള അപേക്ഷ പരിഗണിക്കപ്പെടാത്ത സാഹചര്യത്തിൽ വ്യവസായ വാണിജ്യ ഡയറക്ടർക്ക് അപ്പീൽ നൽകാവുന്നതാണ്.

22) ധനസഹായം 2851-00-102-24 എന്ന പദ്ധതി ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതാണ്.

23) വ്യത്യസ്ഥ തൊഴിൽമേഖലകളിൽ നൈപുണ്യമുള്ള സംഘാംഗങ്ങളുടെ സേവനം വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് ഒരു മൊബൈൽ ആപ്ലിക്കേഷൻ സജ്ജീകരിക്കുന്നതിനും യഥാവിധി നിലനിർത്തുന്നതിനും ഇതിനുള്ള ചെലവുകൾ അനുയോജ്യമായ ബജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തുന്നതിനും വ്യവസായ- വാണിജ്യ ഡയറക്ടർ ചുമതലപ്പെട്ടിരിക്കുന്നു.

..............................................

**സംരംഭക നൈപുണ്യ വികസന വ്യവസായ സഹകരണ**

**സംഘങ്ങൾക്കുള്ള ധന സഹായ പദ്ധതി**

**അപേക്ഷാഫാറം**

1) സംഘത്തിൻറെ പേര് (രജിസ്റ്റർ നമ്പർ ഉൾപ്പെടെ) :
2) മേൽ വിലാസം (ഫോൺ നമ്പർ ഉൾപ്പെടെ) :
3) രജിസ്റ്റർ ചെയ്ത തീയതി :
4) പ്രവർത്തന പരിധി :
5) പ്രവർത്തനം ആരംഭിച്ച തീയതി :
6) അംഗ സംഖ്യ :
മ) പൂർണ്ണ അംഗത്വമുള്ളവർ :
യ) സഹായകാംഗങ്ങൾ :
7) ശമ്പളം പറ്റുന്ന സെക്രട്ടറിയുണ്ടോ ? :
8) പിരിച്ചെടുത്ത ഓഹരി മൂലധനം :
9) ഒടുവിലത്തെ സഹകരണ ഓഡിറ്റ് നടന്ന വർഷം :
10) ഈ പദ്ധതി പ്രകാരം നേരത്തേ ലഭിച്ചിട്ടുള്ള
ധനസഹായം (ഉത്തരവ് നമ്പരും തീയതിയും തുകയും) :
11) ഒടുവിലത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റിൻറെ പകർപ്പ് ഉള്ളടക്കം
ചെയ്തിട്ടുണ്ടോ ? (ഇല്ലാത്തപക്ഷം ധനകാര്യ സ്റ്റേറ്റ്മെൻറ്) :
12) ഭരണ സമിതി നിലവിലുണ്ടോ ? :
13) തൊട്ടുമുൻപുള്ള വർഷം/കാലയളവിൽ ഓരോ
അംഗത്തിനും ലഭിച്ച ശരാശരി തൊഴിൽ ദിനങ്ങൾ
(പ്രതിമാസ പട്ടിക സമർപ്പിക്കുക) :
14) ധനസഹായം ആവശ്യമായിവരുന്ന ഘടകങ്ങൾ
(വിശദമായ കുറിപ്പ് ഉള്ളടക്കം ചെയ്യുക) :

മേൽപ്പറഞ്ഞ വിവരങ്ങൾ ഞങ്ങളുടെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് അറിയിച്ചുകൊള്ളുന്നു.

പ്രസിഡൻറ് സെക്രട്ടറി

ഉള്ളടക്കം:- 1)
2)
3)

**GOVERNMENT OF KERALA**
**Abstract**

Industries Department – Implementation of the Assistance to Skilled Entrepreneurs Development Centres – Administrative Sanction accorded – Orders Issued

**INDUSTRIES(B)DEPARTMENT**

**G.O.(Rt)No. 373/2020/ID** **Dated,Thiruvananthapuram, 04/06/2020.**

Read:1. Letter No.HC.C1/4770/2019 dated 14.05.2020 from the Director of Industries and Comerce.

2. Minutes of the Departmental Working Group Meeting held on 18.05.2020.

**ORDER**

The Plan Scheme (2020-2021)- Assistance to Skilled Entrepreneurs Development Centres - aims to assist the Industrial Co-operative Societies in every LSGs in the state for providing service of skilled and unskilled workers identified in various sectors to the needy people and to assist the societies financially so that the skilled and unskilled workers in the state will get more man days and better wages considering the fact that the demand for skilled and unskilled workers is high in various sectors such as civil, in construction, agriculture, industries etc.

2. Vide the minutes read as 2nd paper above, the Departmental Working Group Meeting considered the proposal submitted by the Director of Industries and Commerce as per the letter 1st paper above seeking Administrative Sanction for this scheme and recommended it.

3. In the circumstances, Government have examined the matter and are pleased to issue Administrative Sanction for implementing the scheme "Assistance to Skilled Entrepreneurs Development Centres" for an amount of Rs.100 lakh (Hundred Lakh Only) by meeting the expenditure from the current year's budget available under the Head of Account 2851-00-102-24(P).

4. The scheme will be implemented through District Industries Centres under block level co-ordination and training support in association with Directorate of Industrial Training.

(By order of the Governor)

A P M MOHAMMED HANISH

SECRETARY

To:

The Director of Industries and Commerce, Thiruvananthapuram
The Principal Accountant General (A& E)Kerala, Thiruvananthapuram
The Accountant General(Audit)Kerala, Thiruvananthapuram
The District Treasury Officer, Thiruvananthapuram
The Finance(Planning-B)Department
The Planning & Economic Affairs Department
The Local Self Government Department
Industries(J)Department
The Information and Public Relations(Web and New media)Department
Stock File/Office Copy

Forwarded/By Order

Section Officer